"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - ഇടുക്കി ജില്ല - തൊടുപുഴ ബ്ലോക്ക് - മണക്കാട് ഗ്രാമപഞ്ചായത്ത് - അരിക്കുഴ പെരിയാമ്പ്ര റോഡ് പ്രവൃത്തി - പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.3/2026/DMD തീയതി,തിരുവനന്തപുരം, 03-01-2026

---

പരാമർശം:- 1. സ. ഉ. (സാധാ) നം. 263/2024/ഡി.എം.ഡി. തീയതി, 29.02.2024

2. ഇടുക്കി ജില്ലാകളക്ടറുടെ 18.10.2025 ലെ DCIDK/2771/2024-F3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

എസ്.ഡി.ആർ.എഫ്. മാനദണ്ഡപ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശിത ഉത്തരവ് പ്രകാരം 6,00,000/- (ആറ് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിരുന്ന ഇടുക്കി ജില്ലയിലെ തൊടുപുഴ ബ്ലോക്കിൽ ഉൾപ്പെട്ട മണക്കാട് ഗ്രാമപഞ്ചായത്തിലെ അരിക്കുഴ പെരിയാമ്പ്ര റോഡ് പ്രവൃത്തിയിൽ റീടാറിംഗ് വേലകളാണ് ഉൾപ്പെടുന്നതെന്നും മഴക്കാലത്ത് പ്രവൃത്തികൾ നടത്താൻ കഴിയാത്ത സാഹചര്യമായതിനാൽ കാലാവസ്ഥ അനുകൂലമാകുന്ന മുറയ്ക്ക് മാത്രമെ പണികൾ നടത്തുന്നതിന് സാധ്യമാകൂ എന്നതിനാലും ടി റോഡ് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകണമെന്ന് ജില്ലാകളക്ടർ പരാമർശം (2) കത്ത് പ്രകാരം അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാകളക്ടറുടെ അഭ്യർത്ഥന പരിഗണിച്ച് പരാമർശം (1) ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്ന ഇടുക്കി ജില്ലയിലെ തൊടുപുഴ ബ്ലോക്കിൽ ഉൾപ്പെട്ട മണക്കാട് ഗ്രാമപഞ്ചായത്തിലെ അരിക്കുഴ - പെരിയാമ്പ്ര റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 31.01.2026 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു. പരാമർശം (1) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

ജില്ലാകളക്ടർ, ഇടുക്കി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. DMB2/211/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
സെക്ഷൻ ഓഫീസർ
Date: 03-01-2026 11:36:40

പകർപ്പ്: ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറിയുടെ പി. എ. യ്ക്ക്